ഉത്തരം

(എ) ഈ റോഡ് നാഷണൽ ഹൈവേയുടെ അധികാര പരിധിയിൽ വരുന്നതല്ല. എന്നാൽ സ്റ്റേറ്റ് ഹൈവേ-38-ലെ പ്രസ്തുത റോഡു ഭാഗം വീതി കൂട്ടുന്നതിന് തല്ക്കാലം പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി പ്രവേശനത്തിന് സംവരണം ഉറപ്പുവരുത്താൻ നടപടി

178 [1429] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) ഹയർസെക്കണ്ടറി പ്രവേശനത്തിന് എസ്.സി., ഒ.ബി.സി. വിഭാഗങ്ങൾക്ക് പ്രത്യേകമായി ഏർപ്പെടുത്തിയ ലിസ്റ്റിൽ നിന്നും ഒ.ഇ.സി. വിഭാഗങ്ങളെ എന്തു കൊണ്ടാണ് ഒഴിവാക്കിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം ഒ.ഇ.സി. വിദ്യാർത്ഥികളുടെ ഉപരിപഠനം മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി പ്രവേശനത്തിന് സംവരണം ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹയർസെക്കണ്ടറി പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയതിൽ ഒ.ഇ.സി. വിഭാഗങ്ങളെ ഉൾപ്പെടുത്താത്തതിന് പ്രത്യേക കാരണങ്ങൾ ഒന്നും തന്നെയില്ല.

(ബി) & (സി) സംവരണം ലഭിക്കാത്തതുകാരണം ഒ.ഇ.സി. വിദ്യാർത്ഥികളുടെ ഉപരി പഠനം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ പരാതി ലഭിച്ചാൽ ആയത് പരിശോധിക്കുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്ക്

179 [1430] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ സർക്കാർ നിരക്കിലുള്ള ഫീസ് നൽകിയാൽ മതി എന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ചില സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഈ നിർദ്ദേശം അംഗീകരിക്കപ്പെടുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം സ്വാശ്രയ കോളേജുകളാണ് ഈ നിർദ്ദേശം അംഗീകരിക്കാത്തതെന്നും ഇതുമൂലം എത്ര വിദ്യാർത്ഥികളെ പുറത്താക്കി എന്നും അവ ഏതെല്ലാം കോളേജുകളാണെന്നും വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഉത്തരവുകൾ കൃത്യമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) അമല മെഡിക്കൽ കോളേജിൽ നിന്നും എത്ര കുട്ടികളെ പുറത്താക്കിയിട്ടുണ്ട് ; സർക്കാർ ഉത്തരവ് ലംഘിച്ച ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്. 2004-05 അക്കാഡമിക് വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകൾക്ക് ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമുള്ള ഫീസ് ആയിരിക്കുമെന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ 15-9-2004-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 116/04/ഉവിവ പ്രകാരം ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് ഇഞ്ചിനീയറിംഗ് എന്നീ സർക്കാർ മേഖലയിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ 2004-05 വർഷം അഡ്മിഷൻ ലഭിച്ച ഒരു ലക്ഷം രൂപയിൽ താഴെ വരുമാനം വരുന്ന കേരളീയരായ കുടുംബങ്ങളിലെ കുട്ടികൾക്ക് സർക്കാർ കോളേജുകളിലെ മെറിറ്റ് സീറ്റിൽ പെടുന്ന കുട്ടികൾ നൽകുന്ന ഫീസ് നൽകിയാൽ മതിയാകുമെന്ന് ഉത്തരവായിട്ടുണ്ട്. 15-1-2005-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 19/05/ആകുവ പ്രകാരം 2003-04 അദ്ധ്യായന വർഷം സ്വാശ്രയ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനും ഡന്റൽ, ആയുർവേദ, സിദ്ധ, ഫാർമസി, നഴ്സിംഗ് കോഴ്സുകൾക്കും ഗവൺമെന്റു സീറ്റിൽ പ്രവേശനം ലഭിക്കുന്നവർക്ക് 2004-05 വർഷവും സർക്കാർ നിരക്കിലുള്ള ഫീസ് നൽകിയാൽ മതിയാകുമെന്നും ഉത്തരവായിരുന്നു. ബഹു. കേരള ഹൈക്കോടതി വിവിധ റിട്ട് അപ്പീലിൻമേലും റിട്ട് പെറ്റീഷനിൽ മേലും പ്രഖ്യാപിച്ച വിധിയിൽ എം. ബി. ബി. എസ്. വിദ്യാർത്ഥികൾ ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസ് നൽകണമെന്ന് ഉത്തരവായിട്ടുണ്ട് ;

(ബി) ഉണ്ട്. ബഹു. സുപ്രീം കോടതിയുടെയും ബഹു. കേരള ഹൈക്കോടതിയുടെയും ഇതു സംബന്ധിച്ചുള്ള വിധി ന്യായങ്ങളുടെ അടിസ്ഥാനത്തിൽ കോളേജുകളുടെ തീരുമാനങ്ങൾക്ക് ഒരു പ്രസക്തിയും ഇല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഫീസ് പിരിവിനെ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കണമെന്ന നിർദ്ദേശം കോളേജുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ സ്വകാര്യ മാനേജുമെന്റുകൾ ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിയിൽ നിന്നും അനുകൂലവിധി സമ്പാദിച്ചിട്ടുണ്ട്. ഈ വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly